Kerala Kaumudi 06-08-18, P-14

# ഞൊട്ടാഞൊടിയനോട് കളിക്കരുത്; പൊന്നുവിലയാണ് കടൽ കടന്നാൽ

കോട്ടാത്തല ശ്രീകുമാർ



ഞൊട്ടാഞൊടിയൻ



വിദേശ വിപണിയിലെ ഞൊട്ടാഞൊടിയൻ കായ് പായ്ക്കറ്റ്

കൊല്ലം: പൊട്ടിച്ച് കളിക്കാനല്ലാതെ മറ്റൊന്നിനും കൊള്ളില്ലെന്ന് കരുതി മലയാളികൾ അവഗണിച്ച ഞൊട്ടാഞൊടിയൻ ഒന്നിന് കടൽ കടന്നാൽ 17 രൂപയാണ് വില! വിദേശികൾക്ക് ഇത് ഒരു സിദ്ധൗഷധമാണ്. ഒരു തെങ്ങിൽ നിന്ന് ലഭിക്കുന്നതിനെക്കാൾ ആദായം ഒരു ഞൊട്ടാഞൊടിയൻ ചെടിയിൽ നിന്ന് ലഭിച്ചാൽ വിസ്മയിക്കേണ്ടതില്ല.

നാട്ടിൻപുറങ്ങളിലെ പറമ്പുകളിൽ മുമ്പ് സാധാരണമായിരുന്നു ഈ സസ്യം. ഞൊട്ടാഞൊടിയൻ കായയുടെ ഹരിത കവചം കുഞ്ഞ് ബലൂൺ പോലെയാണ്. കുട്ടികൾ കണ്ടാൽ അടർത്തിയെടുത്ത് നെറ്റിയിൽ ഇടിച്ച് പൊട്ടിച്ച് ശബ്ദമുണ്ടാക്കും. മറ്റൊന്നിനും കൊള്ളില്ലെന്നായിരുന്നു എല്ലാവരുടെയും വിചാരം. പാഴ്ചെടികളുടെ പട്ടികയിൽ ഏറ്റവും താഴെയായിരുന്നു അതിനാൽ സ്ഥാനം.

എന്നാൽ, ശരീരവളർച്ചയ്ക്കും ബുദ്ധിവികാസത്തിനും മുതൽ വൃക്കരോഗത്തിനും മൂത്രതടസത്തിനും വരെ ഒരു സിദ്ധൗഷധമാണ് വിദേശത്ത് ഞൊട്ടാഞൊടിയൻ. കായികതാരങ്ങൾക്ക് പ്രിയപ്പെട്ടത്. കുട്ടികൾക്കും ഉത്തമം. യു.എ.ഇയിൽ 10 എണ്ണത്തിന്റെ ഒരു പാക്കറ്റിന് ഒമ്പത് ദിർഹമാണ് വില. മഴക്കാലത്താണ് ഈ ചെടി മുളയ്ക്കുന്നതും പൂക്കുന്നതും കായ്ക്കുന്നതും. പച്ചകായ്ക്ക് കയ്പും, പഴത്താൽ പുളികലർന്ന മധുരവുമാണ്. വേനലായാൽ പട്ടുപോകും. നാട്ടിൻപുറങ്ങളിൽ വീണ്ടും ഇത് പൂക്കാൻ തുടങ്ങിയിട്ടുണ്ട്. പക്ഷേ, മലയാളികളിൽ ഭൂരിപക്ഷത്തിനും അറിയില്ല, ഈ ഔഷധസസ്യത്തിന്റെ വില. ആരും കൃഷി ചെയ്തിട്ടുമില്ല. പരമ്പരാഗത വിളകൾ പലതും കർഷകരുടെ കൈ പൊള്ളിക്കുമ്പോൾ ഇത് ഒരു സാദ്ധ്യതയാണെന്ന് വേണം കരുതാൻ. ഞൊട്ടാഞൊടിയന്റെ ഔഷധ സിദ്ധികൾ ആയുർവേദത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. പുരാതന കാലം മുതൽ ഔഷധ നിർമ്മാണത്തിന് ഇത് ഉപയോഗിക്കുന്നു. കർക്കടക കഞ്ഞിക്കും ഉപയോഗിക്കാറുണ്ട്. കുട്ടികളിലെ ത്വഗ്രോഗങ്ങൾക്ക് ഏറ്റവും ഫലപ്രദമായ ഔഷധമാണിത്.

## പേരുകൾ പലത്

ഫൈസിലിസ് മിനിമ എന്നാണ് ഞൊട്ടാഞൊടിയന്റെ ശാസ്ത്രനാമം. മുട്ടാംബ്ലിങ്ങ, ഗോൾഡൻ ബെറി തുടങ്ങിയ പേരുകളിലാണ് പുറംനാട്ടുകളിൽ അറിയപ്പെടുന്നത്. നാട്ടിൻപുറങ്ങളിൽ ഞൊട്ടാഞൊടിയൻ, ഞൊറിഞ്ചൊട്ട, മുട്ടമ്പുളി, ഞൊട്ടയ്ക്ക തുടങ്ങി പല പേരുകളുമുണ്ട്. നെറ്റിയിൽ ഇടിച്ചാൽ ശബ്ദം കേൾക്കുന്നതിനാലാണ് ഇത്തരം പേരുകൾ.